## ത്രിയേക ദൈവത്തിന് സ്തുതി

അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനി, ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠരെ, പ്രിയ കൗൺസിൽ അംഗങ്ങളെ, നമ്മെ അനുദിനം വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് മലങ്കര സുറിയാനി ഓർത്തഡോക്സ് യുറോപ്പ് ഭദ്രാസനത്തിന്റെ 2022-2023 നടപ്പ് വർഷത്തിലെ പ്രവർത്തന റിപ്പോർട്ട് കൗൺസിൽ അംഗങ്ങളുടെ അറിവിലേക്കും ചർച്ചക്കും ആയി സമർപ്പിക്കുന്നു.

ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. മോർ തെയോഫിലോസ് കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾ വളരെ ഭംഗിയായ രീതിയിൽ ഏകോപിപ്പിച്ച് മുന്നോട്ട് പോകുന്നതിൽ ദൈവത്തെ നമുക്ക് മഹത്വപ്പെടുത്താം. യൂറോപ്പിലെ വിവിധ മേഖലകളിൽ ചിതറിക്കിടക്കുന്ന പതിനഞ്ചോളം വരുന്ന ഇടവകകളാണ് ഈ ഭദ്രാസനത്തിന് കീഴിലുള്ളത്. അതോടൊപ്പം പഠനത്തിനും ജോലിക്കുമായി അനേകം വിശ്വാസികൾ യൂറോപ്പിന്റെ വിവിധ ഇടങ്ങളിലേക്ക് കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി വന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ പുതിയ ഇടവകകളും കോൺഗ്രിഗേഷനുകളും സ്ഥാപിതമായി വരുന്നു. അതൊടൊപ്പം എല്ലാ അത്മീയ പ്രസ്ഥാനങ്ങളും ബഹുമാനപ്പെട്ട വൈദികരുടെയും കൗൺസിൽ അംഗങ്ങളുടെയും നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. പരിശുദ്ധ സഭയുടെ വിവിധ കാര്യങ്ങൾക്ക് വേണ്ടി സദാസമയവും പ്രവർത്തനനിരതനായ അഭി. തിരുമേനി തിരക്കുകൾക്കിടയിലും ഭദ്രാസനത്തിലെ എല്ലാ ഇടവകകളും സന്ദർശിക്കുന്നതിനും പുതിയ ഇടവകകൾ സ്ഥാപിക്കുന്നതിലും അതോടൊപ്പം ഓരോ രാജ്യങ്ങളിലെയും മറ്റു സഭകളിലെ മെത്രാപ്പൊലിത്തമാരെയും അതോടൊപ്പം രാഷ്ട്രീയ അധികാരികളെയും സന്ദർശിക്കുവാനും അത് വഴി ഓരോ സ്ഥലങ്ങളിലും ഇടവകൾക്ക് ആവശ്യമായ ആത്മീയവും ഭൌതീകവുമായ കാര്യങ്ങൾ ക്രമീകരിച്ചു ലഭിക്കുന്നതിനും ഇടയാകുന്നു. എല്ലാ കാര്യങ്ങൾക്കും ആത്മീയ നേതൃത്വം നല്കുന്ന അഭി. ഇടവക മെത്രാപ്പോലീത്തയോടുള്ള നന്ദി തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

**പുതിയ ഭാരവാഹികൾ**

അഭിവന്ദ്യ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ 2022 മെയ് ആറാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് ഓൺലൈൻ വഴി കൂടിയ കൗൺസിൽ യോഗത്തിൽ വച്ച് ഭദ്രാസനത്തിൻറെ പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

1. ഭദ്രാസന സെക്രട്ടറി: റെവ. ഫാദർ ജോഷി വെട്ടിക്കാട്ടിൽ
2. ജോയിൻ സെക്രട്ടറി കം പി ആർ ഒ: ശ്രീ. വർഗീസ് എബ്രഹാം

3. ട്രഷറർ: ശ്രീ. ബേസിൽ തോമസ്

4. ഓഡിറ്റർ: ശ്രീ. സുധീഷ് മാത്യു

5. സമാജം വൈസ് പ്രസിഡണ്ട്: റെവ. ഫാദർ എൽദോസ് വട്ടപറമ്പിൽ

6. യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡണ്ട്: റവ. ഫാദർ പോൾ പി. ജോർജ്

7. സൺഡേ സ്കൂൾ വൈസ് പ്രസിഡണ്ട്: റവ. ഫാദർ ജോഷി വെട്ടിക്കാട്ടിൽ, കോ-ഓർഡിനേറ്റർ റവ. ഫാദർ നോമിസ് പതിയിൽ

**പുതിയ ഇടവകകൾ**

2020 സെപ്റ്റംബറിൽ ബഹുമാനപ്പെട്ട തോമസ് ജേക്കബ് അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ബെർലിൻ കൊൺഗ്രിഗേഷൻ സെൻറ് ഏലിയാസ് ബാവായുടെ പേരിൽ അഭിവന്ദ്യ തിരുമനസിനാൽ നാമകരണം ചെയ്യപ്പെട്ടു. 2022 ജനുവരി മാസത്തിൽ ബഹുമാനപ്പെട്ട പോൾ പി ജോർജ്ജ് അച്ചന്റെ നേതൃത്വത്തിൽ ജെർമനിയിലെ ഹാന്നോവർ , മാർച്ച് മാസത്തിൽ ബഹു ജോഷി വെട്ടിക്കാട്ടിൽ അച്ചന്റെ നേതൃത്വത്തിൽ ബൾഗേറിയയിലെ വർണ്ണ, ഡിസംബറിൽ ബഹുമാനപ്പെട്ട ബിജു ജോൺ അച്ചന്റെ നേതൃത്വത്തിൽ സ്വീഡനിലെ സ്റ്റോക്ക്ഹോം, ഡിസംബറിൽ എത്രയും ബഹുമാനപ്പെട്ട റ്റിജോ മാർക്കോസ് അച്ചന്റെ നേതൃത്വത്തിൽ ഇറ്റലിയിലെ സിസിലി, അതെ മാസം തന്നെ ബഹുമാനപ്പെട്ട എൽദോസ് വട്ടപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ സ്വീഡനിലെ ഗോഥൻബർഗ് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ കോൺഗ്രിഗേഷനുകൾ ആരംഭിക്കുകയും വി. കുർബ്ബാന അർപ്പിക്കുന്നതിനുള്ള ക്രമീകരങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ആമ്സ്റ്റർഡാം ഇടവകയിൽ ബഹു. ജോഷി വെട്ടിക്കാട്ടിൽ അച്ചന്റെ നേതൃത്വത്തിൽ 2021 ഒക്ടോബർ മുതൽ എല്ലാ മാസവും വി. കുർബാന അർപ്പിച്ചു വരുകയും ചെയ്യുന്നു. അതോടൊപ്പം ഫ്രാങ്ക്ഫർട്ട് ഇടവകയുടെ ഭാഗമായി മൂന്നു മാസത്തിലൊരിക്കൽ Mannheim ൽ വി. കുർബാന അർപ്പിച്ചു വരുന്നു.

**ഭദ്രാസനത്തിലെ നിലവിലെ ഇടവകകളും വികാരിമാരും**

1. സെൻറ്റ് മേരീസ് വിയന്ന – ഫാ. ജോഷി വെട്ടിക്കാട്ടിൽ
2. സെൻറ്റ് മേരീസ് സ്വിറ്റ്സർലൻഡ് – ഫാ. പോൾ പി. ജോർജ്ജ്
3. സെൻറ്റ് മേരീസ് മുനിച്ച് – ഫാ. ഡോ. തോമസ് ജേക്കബ്
4. സെൻറ്റ് മേരീസ് മാൾട്ട – ഫാ. നോമിസ് പതിയിൽ
5. സെൻറ്റ് ജോർജ്ജ് ഫ്രാങ്ക്ഫർട്ട് – ഫാ. പോൾ പി. ജോർജ്ജ്
6. സെൻറ്റ് മേരീസ് ഹെർനെ – ഫാ. ഡോ. തോമസ് ജേക്കബ്
7. സെൻറ്റ് മേരീസ് കോപ്പൻഹേഗൻ – ഫാ. എൽദോസ് വട്ടപറമ്പിൽ

8. സെന്റ് മേരീസ് നോർവെ – ഫാ. എൽദോസ് വട്ടപറമ്പിൽ
9. സെന്റ് പീറ്റെഴ്സ് & സെന്റ് പോൾസ് റോം – ഫാ. റ്റിജോ മാർക്കോസ്
10. സെന്റ് തോമസ് ആമ്സ്റ്റർഡാം – ഫാ. ജോഷി വെട്ടിക്കാട്ടിൽ
11. സെന്റ് ഏലിയാസ് സ്റ്റോക്ഹോം, സ്വീഡൻ – ഫാ. ബിജു ജോൺ

**സർവീസ് സെന്റർസ്**

12. സെന്റ് ഏലിയാസ് ബെർലിൻ – ഫാ. ഡോ. തോമസ് ജേക്കബ്
13. സെന്റ് പീറ്റെഴ്സ് ഹാനോവർ – ഫാ. പോൾ പി. ജോർജ്ജ്
14. വർണ, ബൾഗേറിയ – ഫാ. ജോഷി വെട്ടിക്കാട്ടിൽ
15. സിസിലി – ഫാ. റ്റിജോ മാർക്കോസ്

**ഭക്ത സംഘടന പ്രവർത്തനങ്ങൾ**

അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ വിവിധ ഭക്ത സംഘടന പ്രവർത്തനങ്ങൾ വളരെ ഭംഗിയായി ഏകോപിപ്പിച്ചു പോയിക്കൊണ്ടിരിക്കുന്നു. 2020ലെ കൊറോണ കാലഘട്ടങ്ങളിൽ ആരംഭിച്ച ഓൺലൈൻ സൺഡേസ്കൂൾ പ്രസ്ഥാനം യൂറോപ്പിലെ വിവിധ ഇടവകകളിലെ സൺഡേ സ്കൂൾ കുട്ടികളെ ചേർത്തുവച്ചുകൊണ്ട് ഭംഗിയായി മുന്നോട്ടു പോകുന്നു. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ മൂന്നര വരെയുള്ള സമയങ്ങളിൽ ഓൺലൈൻ വഴിയായി സൺഡേ സ്കൂൾ കുട്ടികൾക്ക് ക്ലാസുകൾ എടുത്തു വരുന്നു. ഏകദേശം ഇരുപതോളം അധ്യാപകർ അവരുടെ അകമഴിഞ്ഞ സഹായവും സമർപ്പണവും വഴി കുഞ്ഞുങ്ങൾ വളരെ ഉത്സാഹത്തോടുകൂടി പഠനകാര്യങ്ങളിൽ വ്യാപൃതമാകുവാനും ഇടയാകുന്നു. ഏകദേശം 90 ഓളം വിദ്യാർഥികൾ ഇതിൽ പഠിക്കുന്നുണ്ട്. അതോടൊപ്പം മൂനിച്ച് ഇടവകയിൽ 12 അധ്യാപകരുടെ നേതൃത്വത്തിൽ 35 ഓളം വിദ്യാർഥികൾ മാസത്തിൽ മൂന്നു ഞായറാഴ്ച്ചകളിലായി സൺഡേ സ്കൂൾ പഠനം നടത്തുന്നു.

സൺഡേ സ്കൂളിന്റെ നേതൃത്വത്തിൽ എല്ലാ വർഷങ്ങളിലും പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ കെറുബിം എന്ന ഓൺലൈൻ മാഗസിൻ കഴിഞ്ഞ വർഷം പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല എങ്കിലും ഈ വർഷം അതിൻറെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട ഷെവലിയർ കുര്യാക്കോസ് തടത്തിൽ മാഗസിൻ എഡിറ്റർ ആയി പ്രവർത്തിക്കുന്നു. അതോടൊപ്പം കുട്ടികളുടെ കലാ–സംസ്കാരിക വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ വർഷത്തിൽ രണ്ട് തവണ റ്റാലെന്റ്സ് ഡേ ഓൺലൈൻ വഴിയായി ക്രമീകരിക്കുകയും ചെയ്യുന്നുണ്ട്. വിശുദ്ധ സഭയുടെ കൂദാശകൾ, ബൈബിൾ, സഭാചരിത്രം, ആരാധന ക്രമം എന്നിവയെക്കുറിച്ച് കുഞ്ഞുങ്ങൾക്ക് അറിവുകൾ ലഭിക്കുവാൻ ഓൺലൈൻ സൺഡേ സ്കൂൾ ഏറെ സഹായകമാകുന്നു. ശ്രീ എൽദോസ് പാലാത്ത് സൺഡേസ്കൂൾ ഡയറക്ടർ

ആയിട്ടും, ശ്രീ വിനീത് വർഗീസ് സൺഡേ സ്കൂൾ ഇൻസ്പെക്ടർ ആയിട്ടും, ഷെവലിയാർ കുര്യാക്കോസ് തടത്തിൽ സ്റ്റാഫ് സെക്രട്ടറിയായിട്ടും പ്രവർത്തിച്ചുവരുന്നു. ബഹുമാനപ്പെട്ട വൈദീകർ, ശെമ്മാശൻമാർ, അതോടൊപ്പം വിവിധ ഇടവകകളിൽ നിന്നുള്ള ഇരുപതോളം അധ്യാപകർ എന്നിവർ അക്ഷീണം ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നു. എല്ലാവരെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു.

അതോടൊപ്പം 2022 ഓഗസ്റ്റ് മാസം 11 മുതൽ 13 വരെയുള്ള മൂന്നു ദിവസങ്ങളിൽ വിയന്ന ഇടവകയിൽ വച്ച് വെക്കേഷൻ ബൈബിൾ സ്കൂൾ ഓൺലൈൻ വഴി എല്ലാവർക്കും പങ്കെടുക്കുന്ന വിധത്തിൽ നടത്തപ്പെടുകയുണ്ടായി. ഒക്ടോബർ 29 മുതൽ നവംബർ 1 വരെയുള്ള ദിവസങ്ങളിൽ മുനിച്ച് ഇടവകയുടെ നേതൃത്വത്തിലും VBS നടത്തപെടുകയുണ്ടായി. 2022 വർഷത്തിൽ 10 വിദ്യാർഥികൾ പത്താം ക്ലാസ് എഴുതുകയും MJSSA സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്ക് ഏറെ അഭിമാനമാവുന്ന വിധം സൺഡേ സ്കൂൾ കുട്ടികൾക്ക് വേണ്ടി ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും ജർമൻ ഭാഷയിലേക്ക് തർജ്ജമ ചെയ്യുവാനും 2022 സെപ്റ്റംബർ 14 നു ലബനോനിൽ വച്ച് പരിശുദ്ധ മോറൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായാൽ പ്രസിദ്ധീകരിക്കാനും സാധിച്ചു. തർജ്ജമക്ക് അക്ഷീണം പ്രയത്നിച്ച ജോഷി അച്ചനോടും വിയന്ന ഫൊക്കളാറെ അംഗം ദുബിയേൽ സിജിയോടും ഉള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു.

**യൂത്ത് അസോസിയേഷൻ**

എത്രയും ബഹുമാനപ്പെട്ട പോൾ പി ജോർജ് അച്ചൻറെ നേതൃത്വത്തിൽ യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുന്നോട്ടു പോകുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഓൺലൈൻ വഴിയായി വിവിധ സാമൂഹിക തലങ്ങളിലെ വിഷയങ്ങൾ സംബന്ധിച്ച ക്ലാസുകളും ചർച്ചകളും നടത്തുവാൻ ഇടയായിട്ടുണ്ട്. നാല്പതിൽ പരം യൂത്ത് അംഗങ്ങൾ എല്ലാ യോഗങ്ങളിലും പങ്കെടുക്കാൻ ഇടയായിട്ടുണ്ട്. ഈ വർഷം മുതൽ എല്ലാ മാസവും മീറ്റിംഗ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

**വനിതാസമാജം പ്രവർത്തനങ്ങൾ**

ബഹുമാനപ്പെട്ട എൽദോസ് വട്ടപ്പറമ്പിൽ അച്ചൻറെ നേതൃത്വത്തിൽ വനിതാസമാജത്തിൻറെ പ്രവർത്തനങ്ങൾ സഭയ്ക്ക്, പ്രത്യേകിച്ച് യൂറോപ്പ് ഭദ്രാസനത്തിന് ഏറെ അഭിമാനമാകുന്ന വിധത്തിൽ വ്യത്യസ്തമായ പ്രവർത്തനങ്ങളോടുകൂടി മുന്നിട്ട് നിൽക്കുന്നു. 2022 ഫെബ്രുവരി 5 ആം തിയതി അഭിവന്ദ്യ ഇടവക മെത്രാപ്പോലിത്ത തിരുമനസ്സുകൊണ്ട് ഔദ്യോഗികമായി ഭദ്രാസന തലത്തിലുള്ള വനിതാ സമാജം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. എല്ലാ ദിവസവും മുടങ്ങാതെ

അര മണിക്കൂർ വിവിധ ഇടവകകളിൽ നിന്നുള്ള സമാജ അംഗങ്ങൾ ചെയിൻ പ്രാർത്ഥന നടത്തി വരുന്നു. അതോടൊപ്പം പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ അഖില മലങ്കര വനിതാ സമാജം നവതി ആഘോഷിക്കുന്ന വേളയിൽ കേരളത്തിലെ പരിശുദ്ധ യാക്കോബായ സഭയിലെ ഇരുന്നൂറ് ഇടവകളിൽ താഴെയുള്ള ഏറ്റവും മികച്ച വനിതാ സമാജ യൂണിറ്റിന് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ട്രോഫിയും അടങ്ങുന്ന അവാർഡ് നൽകി ആദരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വനിതാ സമാജത്തിനുവേണ്ടി സ്തുത്യർഹമായ നേതൃത്വം നൽകുന്ന വട്ടപ്പറമ്പിൽ എൽദോസ് അച്ചനോട്ടും സമാജം സെക്രട്ടറി ശ്രീമതി വിൻസി ചെറിയാനോട്ടും മറ്റു സമാജം ഭാരവാഹികളെയും അതോടൊപ്പം എല്ലാ സമജ അംഗങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു.

**യാമ പ്രാർത്ഥനകളും നോമ്പ് നമസ്കാരങ്ങളും**

എല്ലാ ദിവസങ്ങളിലും രാവിലെ 7 മണിക്കും വൈകിട്ടി 7 മണിക്കും ഓൺലൈൻ വഴിയായി ശീമ നമസ്കാരം മുടങ്ങാതെ നടത്തി വരുന്നു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥനകളിൽ അനേകം വിശ്വാസികൾ മുടങ്ങാതെ ഇതിൽ പങ്കെടുക്കുന്നു. പുതിയ തലമുറകൾക്ക് പ്രാർത്ഥനകൾ പഠിക്കുന്നതിനും അത് ഏറ്റു ചൊല്ലുന്നതിനും ഇത് ഏറെ സഹായകമാവുന്നു. അതോടൊപ്പം വലിയ നോമ്പിന്റെ ദിവസങ്ങളിൽ ഉച്ച നമസ്കാരവും എല്ലാ വെള്ളിയാഴ്ചയും ഉപവാസ പ്രാർത്ഥനകളും വചന ശുശ്രൂഷയും നടത്തി വരുന്നു. യൂറോപ്പിലെ വിവിധ ഇടവകകളിൽ നിന്നുള്ള 30 ഓളം കുടുംബങ്ങൾ പതിവായി ഇതിൽ സംബന്ധിക്കുന്നു.

**പ്രീമാരിറ്റൽ കൗൺസിലിംഗ് കോഴ്സ്**

ഭദ്രാസനത്തിൻറെ നേതൃത്വത്തിലുള്ള മൂന്നാമത്തെ മാര്യേജ് പ്രിപ്പറെഷൻ കോഴ്സ് 2022 ഏപ്രിൽ മാസം 1, 2, 3 തീയതികളിൽ ഓൺലൈൻ വഴി നടത്തപ്പെടുകയും പതിമൂന്നു വിദ്യാർത്ഥികൾ അതിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഫാ. ജോഷി വെട്ടിക്കാട്ടിൽ, ഫാ. ഡോ. തോമസ് ജേക്കബ്, ഫാ. എൽദോസ് വട്ടപ്പറമ്പിൽ എന്നിവർ കോഴ്സുകൾക്ക് നേതൃത്വം നൽകുന്നു. ഈ വർഷം മാർച്ച് 10, 11, 12 തീയതികളിൽ കോഴ്സ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. അതോടൊപ്പം 2023 ഓഗസ്റ്റ് 15, 16, 17 തീയതികളിൽ മറ്റൊരു കോഴ്സ് നടന്നത്തിനുള്ള ക്രമീകരണങ്ങളും ചെയ്തുവരുന്നു. ഇംഗ്ലീഷ് കോഴ്സ് പ്ലാൻ ചെയ്തിരുന്നെങ്കിലും ആരും രജിസ്റ്റർ ചെയ്യാത്തതിനാൽ കാൻസെൽ ചെയ്തു.

**ഹാശാ ആഴ്ച കൺവെൻഷൻ**

2022 ഹാശാ ആഴ്ചയിലെ ആദ്യത്തെ മൂന്ന് ദിവസങ്ങളായ ഓശാന ഞായറാഴ്ച, ഹാശാ തിങ്കൾ, ഹാശാ ചൊവ്വ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8 വരെ ഹാശാ കൺവൻഷൻ വളരെ

ഭംഗിയായിട്ട് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട ഫാ. ബിജു മത്തായി പാറെക്കാട്ടിൽ, ഫാ. ബിജു ജോൺ സ്വീഡൻ, ഫാ. ജൂബി ജേക്കബ് അലൈൻ, ഫാ. എൽദോസ് KG യു.കെ., ഫാ. കുര്യാക്കോസ് ജോൺ തുത്തുട്ടി, ഫാ. ഫിലിപ്പ് തോമസ് യു.കെ. എന്നീ വൈദീകർ വചന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് എല്ലാ ദിവസങ്ങളിലും ഏകദേശം 85 ഓളം ആളുകൾ പങ്കെടുക്കുകയുണ്ടായി. ഇത് ഹാശാ ആഴ്ച്ചയിൽ വിശ്വാസികൾക്ക് ഏറെ ആത്മീയ ഉണർവിനും ഒരുക്കത്തിനും പ്രാർത്ഥനകൾക്കും ഇടയാക്കിതീർത്തു.

**സഹറൊ 2022**

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിൻറെ പിറവി ആഘോഷങ്ങളുടെ ഭാഗമായി ഭദ്രാസനത്തിലെ എല്ലാ ഇടവകകളെയും ഏകോപിപ്പിച്ചു കൊണ്ട് ഡിസംബർ 23 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് കരോൾ സന്ധ്യ നടത്തുകയുണ്ടായി. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അധ്യക്ഷതവഹിച്ച യോഗത്തിൽ അയർലൻഡ്, ലിമെരിക്ക് കത്തോലിക്കാ ഭദ്രാസന മെത്രാപോലിത്ത H.E. Brendan Leahy കരോൾ ഇവൻറ് ഉദ്ഘാടനം ചെയ്യുകയും ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾക്ക് നന്മകൾ നേരുകയും ചെയ്തു. വിവിധ ഇടവകകളിൽ നിന്ന് നൽകിയ കരോൾ പാട്ടുകളുടെ വീഡിയോസ് ഈ പ്രോഗ്രാമിൽ ഷെയർ ചെയ്യുകയും ഭദ്രാസനത്തിലെ എല്ലാ വൈദീകരും ഇടവകകളിൽ നിന്നുള്ള കൌൺസിൽ മെംബേർസും ആശംസകൾ അർപ്പിക്കുകയും പ്രോഗ്രാം മോഡറേറ്റ് ചെയ്യുകയും ചെയ്തത് ഭദ്രാസനത്തിലെ പ്രവർത്തനങ്ങളുടെ മാറ്റുകൂട്ടുവാൻ ഇടയായി തീർന്നു.

**വിവിധ കോഴ്സുകൾ**

ഭദ്രാസനത്തിലെ നേതൃത്വത്തിൽ ഓരോ വിശ്വാസികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഓൺലൈൻ വഴിയായി സുറിയാനി പഠനം, വിശുദ്ധ ബൈബിൾ പഠനം, വിശുദ്ധ സഭയുടെ ആരാധനാ ക്രമങ്ങളുടെ പഠനം, സഭാചരിത്രം അതോടൊപ്പം വിശുദ്ധ മദ്ബഹാ ശുശ്രൂഷകർക്ക് വേണ്ടിയുള്ള പ്രത്യേക കോഴ്സുകൾ എന്നിവ 2023 March മാസത്തോടുകൂടി ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ബഹു. വൈദികരും കൗൺസിൽ മെമ്പേഴ്സസും ചേർന്നാണ് കോഴ്സ്സിന്റെ എല്ലാ കാര്യങ്ങളും ചെയ്തു കൊണ്ടിരിക്കുന്നത്.

## In Charge Priests and Council Members

| | |
|---|---|
| Premarital course | Fr. Joshy+ Fr. Eldho Vattaparambil + Fr. Dr. Thomas Jacob |

| | |
|---|---|
| Syriac Course | Fr. Paul, Basil Uthuppu, Basil Thomas |
| Bible courses | Fr. Eldho MC /Fr. Tijo Markose, Varghese Abraham |
| Syriac Orthodox Church history | Fr. Nomis Pathiyil, Fr. Renju Kurian, Cmdr. George Padickakudy, Vineeth Varghese |
| Syriac Orthodox Liturgy courses | Fr. Dr. Thomas Jacob, Fr. Elias Varghese, Thomas Mathew, Vanitha Samajam member (Eldhose Vattaparambil Achen to identify) |
| Courses for altar assistants | Fr. Joshy Vettikkattil, Fr. Paul George Punnackal, Jolly Kurian Thuruthummel, Geon Paulose |
| Post marital course | Fr. Eldhose Vattaparambil, Fr. Eldho MC, Avirachan K, Zachariah Kurian, Vanitha Samajam member (Eldhose Vattaparambil Achen to identify) |

**കൗൺസിൽ മീറ്റിംഗ്**

കഴിഞ്ഞ 2022 റിപ്പോർട്ട് വർഷത്തിൽ നാല് തവണ ഓൺലൈൻ വഴി അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ കൌൺസിൽ യോഗങ്ങൾ കൂട്ടുകയുണ്ടായി. എല്ലാവരുടെയും സാന്നിധ്യവും അതോടൊപ്പം തന്നെ തുറന്ന ചർച്ചകൾക്കുള്ള വേദികളും ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമാവുന്നു.

**ഫാമിലി കോൺഫറൻസ്**

2020 വർഷത്തിൽ ഫാമിലി കോൺഫറൻസ് മാൾട്ട് ഇടവകയിൽ വച്ച് നടത്താമെന്ന് തീരുമാനമെടുത്തെങ്കിലും കൊറോണ എന്ന മഹാ വ്യാധിയുടെ കാലഘട്ടങ്ങളിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുന്നതിനാൽ അതിന് സാധിച്ചില്ല. അതിനാൽ 2023 ഒക്ടോബർ 27, 28, 29 തീയതികളിൽ എല്ലാ ഇടവകകളെയും ഒരുമിപ്പിച്ചുകൊണ്ട് ഒരു ഫാമിലി കോൺഫരൻസ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

**ഭദ്രാസനഫണ്ട് കണ്ടെത്തൽ**

ഈ കഴിഞ്ഞ വർഷം മിക്കവാറും എല്ലാ ഇടവകകളിൽ നിന്നും 250 യൂറോയിൽ കുറയാത്ത ഒരു സംഖ്യ ഭദ്രാസനം ഫണ്ടിലേക്ക്  അയച്ചു തന്നിട്ടുണ്ട്. അതോടൊപ്പം എല്ലാ കൌൺസിൽ അംഗങ്ങളും 100 യൂറോ വീതം പുതിയ ഇടവകകളുടെ രൂപീകരണത്തിന് വേണ്ടി അയച്ചു തരുകയും ചെയ്തിട്ടുണ്ട്. സഹകരിച്ച എല്ലാ പള്ളികളെയും എല്ലാ കൌൺസിൽ അംഗങ്ങളേയും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**കോർ ടീം മീറ്റിങ്ങുകൾ**

ഭദ്രാസന സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറാർ, ഭക്ത സംഘടന വൈസ് പ്രസിഡണ്ട്മാർ  എന്നിവരടങ്ങിയതാണ് കോർ ടീം. എല്ലാ മാസങ്ങളിലും ആദ്യ വ്യാഴാഴ്ച വൈകിട്ട് 9 മണിക്ക് ഓൺലൈൻ വഴി മീറ്റിങ്ങുകൾ കൂടുകയും ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു.

**വെബ്സൈറ്റ്, സോഷ്യൽ മീഡിയ സെൽ**

ഭദ്രാസനത്തിലെ ഇടവകകളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും സമൂഹ മദ്ധ്യത്തിലേക്ക് എത്തിക്കുന്നതിനായി വെബ്സൈറ്റിനു പുറമെ ഫേസ്ബുക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് തുടങ്ങിയ സോഷ്യൽ മീഡിയകളിൽ അകൗണ്ട് ആരംഭിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കായി ബഹു. വൈദീകരും കൂടാതെ സാജു ചാക്കോ, ജിയോൺ പൗലോസ്, ജോളി തുരുത്തുമ്മേൽ, വർഗീസ് എബ്രഹാം എന്നിവരടങ്ങിയ മീഡിയ ഗ്രൂപ്പ് പ്രവർത്തിച്ചു വരുന്നു. എല്ലാ ഇടവകളിലെയും വി. കുർബ്ബാനയുടെ വിവരങ്ങളും അതോടൊപ്പം മറ്റു സഭാ വാർത്തകളും ഇത് വഴി പോസ്റ്റ് ചെയ്യുന്നു.

**2022 വർഷത്തിലെ കൌൺസിൽ യോഗങ്ങളിലെ പ്രധാന തീരുമാനങ്ങൾ**

1. 2023 ഒക്ടോബർ  മാസം 27, 28, 29 തീയതികളിൽ മാൾട്ടയിൽ വച്ച് ഭദ്രാസന കീഴിലുള്ള എല്ലാ ദേവാലയങ്ങളിലെയും കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഫാമിലി കോൺഫറൻസ് ക്രമീകരിക്കാൻ തീരുമാനിച്ചു. കൂടാതെ ഫാമിലി കോൺഫറൻസിന് നേതൃത്വം നല്കുവാൻ മാൾട്ട St. Mary's ഇടവകയെയും ഉൾപ്പെടുത്തികൊണ്ട്  ഒരു ഉപസമിതി രൂപീകരിക്കുവാനും തീരുമാനിച്ചു.

2. എല്ലാ വർഷവും കുറഞ്ഞത് നാല് കൗൺസിൽ മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു.

3. എല്ലാ വർഷവും ക്രിസ്തുമസിനോടനുബന്ധിച്ച് ഒരു കരോൾ സന്ധ്യയും ഹാശാ ആഴ്ചയിൽ മൂന്ന് ദിവസത്തെ കൺവെൻഷനും കൌൺസിലിന്റെ നേതൃത്വത്തിൽ ഓൺലൈൻ വഴി നടത്തുന്നതിന് തീരുമാനിച്ചു.

4. ഭദ്രാസന പ്രവർത്തന ഫണ്ടിലേക്ക് വേണ്ടി എല്ലാ ഇടവകകളിൽ നിന്നും അതാത് ഇടവകകളുടെ വാർഷിക വരുമാനത്തിൻറെ അഞ്ച് ശതമാനമോ അതല്ലെങ്കിൽ 250 യൂറോയിൽ കുറയാത്ത ഒരു സംഖ്യയോ ഭദ്രാസനഭോഗമായി നിജപ്പെടുത്തി.

5. ഭദ്രാസനത്തിന് കീഴിൽ ഇനിയും പള്ളികളോ കോൺഗ്രിഗേഷനൊ ഇല്ലാത്ത രാജ്യങ്ങളിൽ പുതിയ കോൺഗ്രിഗേഷൻ തുടങ്ങാനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ വൈദികരെ ചുമതലപ്പെടുത്തി. പുതിയ ഇടവകളിൽ വൈദികരുടെ യാത്രാക്കൂലിക്ക് ബുദ്ധിമുട്ട് വന്നാൽ ഭദ്രാസന ഫണ്ടിൽ നിന്നും നൽകുവാനും തീരുമാനിച്ചു.

6. എം.എസ്.ഒ.സി.ഇ. ക്ക് ഒരു കോൺസ്റ്റിട്യൂഷൻ ഉണ്ടാക്കുന്നതിനും അതോടൊപ്പം എല്ലാ പള്ളികൾക്കും പൊതുവായ ഒരു പാരിഷ് രജിസ്റ്റർ ഉണ്ടാക്കുന്നതിനും തീരുമാനിച്ചു. അതിന്റെ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. MSOCE യുടെ ഭരണഘടനാ രൂപീകരണത്തിന് ഒരു ഉപസമിതി രൂപീകരിക്കുവാനും തീരുമാനിച്ചു.

7. ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി കുറഞ്ഞ ചെലവുള്ള ഒരു ഡിജിറ്റൽ വർക്ക് സ്പേസ് വാങ്ങുവാൻ തീരുമാനിച്ചു.

8. എല്ലാ വർഷവും 500 യൂറോ റീസീസ ആയി പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് നല്കുവാനും തീരുമാനിച്ചു. *(ഇടവക മെത്രാപ്പോലീത്തക്ക് കൈമുത്തായി 1000 യൂറോയും നൽകുന്നതിനു ബഡ്ജെറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)*

**നന്ദി**

നമ്മെ അനുദിനം വഴി നടത്തുന്ന സർവ്വ ശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായോടും മലങ്കരയുടെ ശ്രേഷ്ഠ കാതോലിക്കാ അബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായോടും നമ്മുടെ ഇടവക മെത്രാപ്പോലീത്തയോടും എല്ലാ പ്രിയ വൈദിക ശ്രേഷ്ഠരോടും കൌൺസിൽ അംഗങ്ങളോടും ഇടവക അംഗങ്ങളോടുള്ള ഹൃദയംഗമായ നന്ദി അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഭദ്രാസന സെക്രട്ടറി: ഫാ. ജോഷി വെട്ടിക്കാട്ടിൽ
ഭദ്രാസന ജോയിന്റ് സെക്രട്ടറി: വർഗീസ് അബ്രഹാം